ശ്രീ. കെ. ജെ. ചാക്കോ: സർ, വളരെ അസംതൃപ്തിയോടെയാണെങ്കിലും, ബഹുമാനപ്പെട്ട മന്ത്രി ഇന്നാതിരിയുള്ള ഉറപ്പു തരികയും അടുത്ത ആറു മാസത്തിനകം കൂടുന്ന നിയമസഭയിൽ ഇങ്ങനെയൊരു ഭേദഗതി അവതരിപ്പിക്കുമ്പോൾ ഈ ഗവൺമെന്റിനെ അഭിനന്ദിച്ചുകൊണ്ട് സംസാരിക്കാൻ എനിക്ക് അവസരം ഉണ്ടാകും എന്നുള്ള പ്രതീക്ഷയിലും, പ്രത്യാശയിലും ഞാൻ ഈ പ്രമേയം പ്രസ് ചെയ്യുന്നില്ല.

The Resolution moved by Sri K.J. Chacko was, by leave, withdrawn.

3. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വം നടപ്പിലാക്കുന്നത് സംബന്ധിച്ച്

ശ്രീ. പിണറായി വിജയൻ: സർ, ഞാൻ പ്രമേയം അവതരിപ്പിക്കുന്നു. ''പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും, കോർപ്പറേഷനുകളും, സഹകരണ സംഘങ്ങളും, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും തുടങ്ങിയ വയിലെ നിയമനങ്ങളിൽ സർക്കാർ സർവ്വീസിൽ നിലവിലുള്ളതുമാതിരി സംവരണതത്വം അംഗീകരിച്ചു നടപ്പിലാക്കാനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കണമെന്ന് ഈ സഭ ഗവൺമെന്റിനോടാവശ്യപ്പെടുന്നു''.

നമ്മുടെ സർക്കാർ ആഫീസുകളിൽ ഉള്ള മാതിരി സംവരണതത്വം നമ്മുടെ സംസ്ഥാനത്തിലുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും, സഹകരണ സ്ഥാപനങ്ങളിലും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടപ്പിലാക്കണം എന്നതാണ് ഈ പ്രമേയത്തിന്റെ ഉള്ളടക്കം. സർ, നമ്മുടെ സംസ്ഥാനത്തിൽ വ്യാപിച്ചുകിടക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ എടുത്ത് പരിശോധിച്ചുനോക്കിയാൽ തന്നെ ഈ സംവരണതത്വം വളരെ ദയനീയമായ രീതിയിലാണ് അവിടങ്ങളിൽ നടപ്പിലാക്കിയിട്ടുള്ളത് എന്നു കാണാൻ സാധിക്കും. നമ്മുടെ നിയമസഭയുടെ തന്നെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ റിപ്പോർട്ടുകൾ എടുത്ത് പരിശോധിച്ചാൽ ഈ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ സംവരണതത്വം നടപ്പിലാക്കിയതിനെക്കുറിച്ച് വളരെ രൂക്ഷമായ വിമർശനം ആ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് നമുക്കു കാണാൻ സാധിക്കും. ഓരോ സ്ഥാപനങ്ങളിലുമുള്ള ഉദ്യോഗങ്ങളുടെ കണക്കും അതിലുള്ള സംവരണതത്വപ്രകാരം ലഭിക്കേണ്ടതിനേറെയും അല്ലാതെ ഇന്ന് നിയമിക്കപ്പെട്ടിട്ടുള്ള പട്ടികജാതി പട്ടികവർഗ്ഗത്തിൽ പെട്ടവരുടേയും വിശദമായ കണക്കുകളും ആ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സംവരണം എന്നു പറയുമ്പോൾ അതുമാത്രമല്ല കൂടുതൽ ആളുകൾകൂടി വരുമെന്ന് നമുക്ക് അറിയാവുന്നതാണ്. പക്ഷേ ഏറ്റവും പിന്നോക്ക വിഭാഗത്തിൽ കിടക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സ്ഥിതി ആ റിപ്പോർട്ടിൽ വളരെ വിശദമായി പ്രതിപാദിച്ചിരിക്കുകയാണ്. സർ, നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും വലിയ സ്ഥാപനമെന്നു വിശേഷിപ്പിക്കാൻ പറ്റുന്ന കേരളാ സ്റ്റേറ്റ് വിദ്യുച്ഛക്തി ബോർഡിൽ ആകെ ഉള്ള 173 ഗസറ്റഡ് ഉദ്യോഗസ്ഥൻമാരിൽ ഒരാൾപോലും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളല്ല എന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. 1341 ജൂനിയർ ഇഞ്ചിനീയർമാരിൽ 83 പേർ മാത്രമാണ് പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ടവർ എന്നും ആ റിപ്പോർട്ടിൽ പറയുകയാണ്. സർ, നമ്മുടെ സംസ്ഥാനത്തിലെ മറ്റൊരു

LIBRARY ARCHIVES Kerala Legislative Assembly

പ്രധാനപ്പെട്ട സ്ഥാപനമാണ് കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ കോർപ്പറേഷൻ. അവിടെ 68 ഗസറ്റഡ് തസ്തികകളുള്ളതിൽ ആകെ ഒരു ഹരിജനാണ് പെട്ടുപോയിട്ടുള്ളത്. മിനിസ്റ്റീരിയൽ വിഭാഗത്തിൽ 64 ജീവനക്കാരിൽ 2 പട്ടികജാതി പട്ടികവർഗ്ഗക്കാർ മാത്രമാണ് ആ 64 ജീവനക്കാരിൽ ഉള്ളത്.

നമ്മുടെ നാട്ടിലെ മറ്റൊരു പ്രധാനപ്പെട്ട സ്ഥാപനമാണ് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ്. അവിടെ 520-1000, 300.750, 160.626 ഈ ഉയർന്ന ശമ്പള സ്കെയിലുകളിൽ നിയമിക്കപ്പെട്ടവരിൽ ഒരാളും പോലും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടതല്ല.

നമ്മുടെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളുടെ നിയമനത്തെ സംബന്ധിച്ചിടത്തോളം ഒട്ടും തൃപ്തികരമല്ലെന്നാണ് ആ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്.

കേരള സ്റ്റേറ്റ് ചെറുകിട വ്യവസായ കോർപ്പറേഷന്റെ സ്ഥിതി എടുത്താൽ വളരെ അടുത്തകാലത്ത് പി.എസ്.സി.ക്കു വിട്ടുകൊടുത്തതിനുശേഷം നടന്ന നിയമനങ്ങളിൽ 11 ജൂനിയർ ഇഞ്ചിനീയർമാരിൽ ഒരാളും പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടതായി ഇല്ലെന്നു് ആ റിപ്പോർട്ടിൽ പറയുന്നുണ്ട്. പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ താൽപ്പര്യങ്ങൾ ഹനിക്കുന്ന രീതിയിലാണ് കോർപ്പറേഷൻ മാനേജുമെന്റ് നാളിതുവരെ പ്രവർത്തിച്ചു വന്നിട്ടുള്ളതെന്നും ആ റിപ്പോർട്ടിൽ പറയുന്നു. ഞാൻ ഈ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കാര്യം പറയുന്നത് നമ്മുടെ റിസർവേഷൻ കിട്ടേണ്ട വിഭാഗത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്നവർ ഇവർ ആണ് എന്നുള്ളതുകൊണ്ടാണ്. ഇവരുടെ കാര്യം എടുത്തു പരിശോധിച്ചാൽ മറ്റുള്ളവരുടെ സ്ഥിതി ഊഹിക്കാവുന്നതാണ്.

ട്രാവൻകൂർ . കൊച്ചിൻ കെമിക്കൽസിന്റെ സ്ഥിതി നോക്കുകയാണെങ്കിൽ അവിടെ വർക്കേഴ്സ് കാറ്റഗറിയിൽ 749 പേർ ഉള്ളതിൽ പട്ടികജാതിക്കാരായി 30 പേർ മാത്രമാണുള്ളത്. പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരൊറ്റ ആളും ഇല്ല. ഇവിടെ 93 ഉയർന്ന തസ്തികകളുണ്ട്. അതിൽ ഒരൊറ്റ ആളും പട്ടികജാതിയിൽ ഇല്ല. വർക്കേഴ്സ് കാറ്റഗറിയിൽ താഴ്ന്ന തസ്തികയിലാണ് 30 പട്ടികജാതിക്കാരുള്ളത്. വർക്കേഴ്സ് കാറ്റഗറിയിൽ തന്നെയും ഉയർന്ന തസ്തികകളിൽ 6 ആളുകളും മാത്രമാണുള്ളത്. ബാക്കിയുള്ള 24 ആളുകളും ഹെൽപ്പർ, സ്വീപ്പർ, സ്കാവഞ്ചർ ഈ തസ്തികകളിലാണ്. ഇതാണ് ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസിന്റെ സ്ഥിതിയെന്ന് ആ റിപ്പോർട്ടിൽ പറയുന്നു. ക്ലെറിക്കൽ വിഭാഗത്തിൽ 208 തസ്തികകളും അവിടെ ഉണ്ട്. അതിൽ 5 പട്ടികജാതിക്കാരെ മാത്രമേ നിയമിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അവിടെയും ഉയർന്ന തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ല. അങ്ങനെ ഉയർന്നതിൽ ഇല്ല. താഴ്ന്ന തസ്തികയിൽ എങ്കിലും പ്രാതിനിധ്യം ഉണ്ടാകുമെന്നാണ് പ്രതീക്ഷിച്ചത്. താഴ്ന്ന തസ്തികകളായ അറ്റൻഡർ 23, വാച്ചുമാൻ 10, ഹെൽപ്പർ 10,

LIBRARY ARCHIVES Kerala Legislative Assembly

ഇതിൽ ഒരൊറ്റ പട്ടികജാതിക്കാരനേയും നിയമിച്ചിട്ടില്ല. അപ്പോഴും താഴ്ന്നതിലും ഇല്ല, ഉയർന്നതിലുമില്ല. അപ്പോഴും ഇതാണ് റിസർവേഷന്റെ സ്ഥിതിയെന്നു നമുക്കു കാണാൻ കഴിയും. ടെക്നിക്കൽ മാനേജീരിയൽ എന്നു പറയുന്ന 67 തസ്തികകളുണ്ട്. ഈ 67 തസ്തികകളിൽ മേലേക്കിടയിലുള്ള 60 എണ്ണത്തിൽ ഒരെണ്ണത്തിലും ഈ പറയുന്ന വിഭാഗത്തിൽപ്പെട്ട ആരെയും നിയമിച്ചിട്ടില്ല. ബാക്കി 7 ജൂനിയർ ഇഞ്ചിനീയർമാരിൽ ഒരു പട്ടികജാതിക്കാരനെ നിയമിച്ചിട്ടുണ്ട്. അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിൽ 27 ഉയർന്ന തസ്തികകളും ഉള്ളതിൽ ഒരൊറ്റ ആളെയും നിയമിച്ചിട്ടില്ല. അങ്ങനെ 1051 ആളുകളും പണിയെടുക്കുന്ന ഈ സ്ഥാപനത്തിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരൊറ്റ ആളും ഇല്ലെന്ന് കാണാൻ സാധിക്കും—അങ്ങനെയാണ് നമ്മുടെ സംസ്ഥാനത്ത് റിസർവേഷൻ, പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ നടക്കുന്നത്.

നമ്മുടെ സംസ്ഥാനത്ത് കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുണ്ട്. അതിൽ കേരളാ സോപ്പ്സ് ആൻറ് ഓയിൽ ഫാക്ടറിയിൽ മാനേജീരിയൽ തസ്തികയിൽ 9 പേരുണ്ട്. അതിൽ ആരും പട്ടികജാതി പട്ടികവർഗ്ഗത്തിൽ ഇല്ല. മിനിസ്റ്റീരിയൽ വിഭാഗത്തിൽ 113 പേരുണ്ട്. അതിൽ നാല് ആളുകളും മാത്രമാണ് ഉള്ളത്. വർക്കേഴ്സ് കാറ്റഗറിയിൽ 170 ആളുകളുണ്ട്. അതിലും 4 പേർ മാത്രമാണ്. ഇതിൽ ഒന്നിലും പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരൊറ്റ ആളെയും കണികാണാൻ പോലും ഇല്ല.

കേരളാ സിറാമിക്സിൽ മാനേജീരിയൽ തസ്തികയിൽ 18 ആളുകളുണ്ട്. അതിൽ ഒരൊറ്റ ആളും പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ ഇല്ല. മിനിസ്റ്റീരിയൽ വിഭാഗത്തിൽ 85 ആളുകളുണ്ട്. അതിൽ രണ്ടു പട്ടികജാതിക്കാരുണ്ട്. വർക്കേഴ്സ് കാറ്റഗറിയിൽ 368 ആളുകളുണ്ട്. അതിൽ 19 പട്ടികജാതിക്കാരുണ്ട്. ഇതിലൊന്നിലും പട്ടികവർഗ്ഗത്തിൽപ്പെട്ട ആളുകളില്ല. ഇതിൽ മിനിസ്റ്റീരിയൽ തസ്തികകളിൽ ചിലത് പി.എസ്.സി. നിയമനത്തിനു വിട്ടുകൊടുത്തു. വിട്ടുകൊടുത്തതിനുശേഷം 16 നിയമനങ്ങളാണ് അവിടെ നടന്നു എന്നാണ് പറയുന്നത്. ആ 16 നിയമനങ്ങളിൽ ഒന്നിലും ഈ വിഭാഗത്തിൽപ്പെടുന്നവർ ഇല്ലെന്ന് പറയുന്നു.

ട്രാവൻകൂർ റബ്ബർവർക്സിൽ മാനേജീരിയലും മിനിസ്റ്റീരിയലുംകൂടി 106 തസ്തികകളുണ്ട്. അതിൽ പട്ടികജാതിയിൽപ്പെട്ട രണ്ടു പേരാണ്. പട്ടികവർഗ്ഗത്തിൽപ്പെട്ട ആരും ഇല്ല. വർക്കേഴ്സ് കാറ്റഗറിയിൽ 306 പേരുണ്ട്. അതിൽ പട്ടികജാതിക്കാർ 14-ഉം പട്ടികവർഗ്ഗക്കാർ ഒരാളുമാണ്.

ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസിൽ 8 മാനേജീരിയൽ തസ്തികകളുണ്ട്. അതിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാളുമില്ല. മിനിസ്റ്റീരിയൽ വിഭാഗത്തിൽ 126 ആളുകളും ഉള്ളതിൽ പട്ടിക

LIBRARY ARCHIVES Kerala Legislative Assembly

ജാതിയിൽപ്പെട്ട 4 ആളുകളുണ്ട്. വർക്കേഴ്സ് കാറ്റഗറിയിൽ 318 ആളുകളും ഉള്ളതിൽ പട്ടികജാതിയിൽപ്പെട്ടവർ 20 പേരും പട്ടികവർഗ്ഗത്തിൽപ്പെട്ട ഒരാളും ഉണ്ട്.

കേരളാ ഇലക്ട്രിക്കൽ ആൻറ് അലൈഡ് ഇൻഡസ്ട്രീസിൽ 22 മാനേജീരിയൽ തസ്തികകളും ഉണ്ട്. അതിൽ ഈ പറഞ്ഞ വിഭാഗത്തിൽപ്പെട്ട ആരും ഇല്ല. 118 മിനിസ്റ്റീരിയൽ തസ്തികകളും ഉണ്ട്. അവിടെ പട്ടികജാതിക്കാർക്ക് പ്രവേശനം ലഭിച്ചത് രണ്ടു തസ്തികകളിൽ മാത്രമാണ്. വർക്കേഴ്സ് കാറ്റഗറിയിൽ 308 പേർ ഉള്ളതിൽ 25 പട്ടികജാതിക്കാരുണ്ട്.

കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസിൽ മൊത്തം 272 ജീവനക്കാർ ഉള്ളതിൽ 14 പട്ടികജാതിക്കാരാണുള്ളത്. ഈ 14-ൽ തന്നെ നാലോ അഞ്ചോ ആളുകളും പട്ടികജാതിക്കാർ അല്ലെന്നാണ് പറയുന്നത് മാനേജുമെൻറ് 14 ആളുകളും ഉണ്ടെന്നു പറയുന്നുണ്ടെങ്കിൽപോലും പരിശോധനയിൽ നാലഞ്ചാളുകളും പട്ടിക ജാതിയിൽപ്പെട്ടവർ അല്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്നാണ് ആ റിപ്പോർട്ടിൽ പറയുകയാണ്.

കേരളാ സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസിൽ 17 എക്സിക്യൂട്ടീവും 9 ജൂനിയർ എക്സിക്യൂട്ടീവും 17 സ്റ്റാഫും ഉള്ളതിൽ ഒരൊറ്റ ആളുപോലും ഈ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ഇല്ലെന്നാണ് ആ റിപ്പോർട്ടിൽ പറയുന്നത്. അതിൽ ഇപ്പോൾ 45 എക്സിക്യൂട്ടീവ് ട്രെയിനികളെ എടുത്തതിൽ രണ്ടു പട്ടികജാതിക്കാർക്കു മാത്രമാണ് കിട്ടയിട്ടുള്ളത്.

സർ, ഇത് നമ്മുടെ സംസ്ഥാനത്തിലെ ഏറ്റവും മികച്ച ചില സ്ഥാപനങ്ങളിലെ ദയനീയ നിലയാണ്. ഇതുവച്ചുകൊണ്ട് മറ്റു സ്ഥാപനങ്ങളിലെ സ്ഥിതി നമുക്ക് ഊഹിക്കാവുന്നതേയുള്ളു. സർ, റിസർവേഷൻ അർഹതപ്പെട്ട വിഭാഗങ്ങൾക്ക് ഈ പൊതുമേഖലാവ്യവസായസ്ഥാപനങ്ങളിൽ ആവശ്യമായ നിയമനം കിട്ടുന്നില്ല. അവർക്കു കിട്ടേണ്ടത് നികത്തി കിട്ടണമെങ്കിൽ സ്പെഷ്യൽ റിക്രൂട്ടുമെൻറുവഴി ഈ വിഭാഗങ്ങളെ കൊണ്ടുവരേണ്ടിയിരിക്കുന്നു. അതിനാവശ്യമായ നടപടി ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് കർശനമായി ഉണ്ടായാൽ മാത്രമേ ഇതു പൂർത്തിയാക്കാൻ നമുക്കു സാധിക്കുകയുള്ളു.

സർ, സഹകരണസ്ഥാപനങ്ങളിലെ സ്ഥിതി എടുത്താൽ നമ്മുടെ സംസ്ഥാനത്ത് ഏറ്റവും അധികം വ്യാപിച്ചുകിടക്കുന്ന ഒരു ശൃംഖലയാണ് സഹകരണസംഘങ്ങൾ. അത് അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയാണ്. പക്ഷെ, ഇന്ന് സഹകരണസംഘങ്ങളിലെ ജീവനക്കാരുടെ നിയമനത്തിൽ ഈ തത്വം പാലിക്കുന്നില്ല. അതു പാലിക്കാൻ ആവശ്യമായ നടപടി ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചു പറയുമ്പോൾ ആ സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ''അ'' മുതൽ ''ക്ഷ'' വരെയുള്ള എല്ലാ കാര്യങ്ങളും ഗവൺമെൻറാണ് ചെയ്തുകൊടുക്കുന്നത്. നിയമനം കഴിഞ്ഞതിനുശേഷം അവരെ നിലനിറുത്തുന്നതും മറെറല്ലാ കാര്യങ്ങളും ചെയ്തുകൊടുക്കുന്നതും ഗവൺമെൻറാണ്. പക്ഷെ, ആ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ ഈ തത്വം കൊണ്ടുവരാൻ നമുക്കു സാധിക്കുന്നില്ല. നിയമനത്തിൽ യാതൊരു അധികാരവും ഇല്ല. അതു പോകട്ടെ. പക്ഷെ, നിയമനത്തിൽ ഈ തത്വം പാലിക്കാൻ, നമ്മുടെ സമൂഹത്തിൽ ഏറെറവും പിന്നണിയിൽ കിടക്കുന്ന ഈ വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം കിട്ടാൻ ആവശ്യമായ നടപടികൾ ഗവൺമെൻറ് കർശനമായി എടുത്താൽ മാത്രമേ ഈ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും അർഹമായ പ്രാതിനിധ്യം കിട്ടുകയുള്ളൂ എന്നുള്ളതാണ് നില. അതുകൊണ്ട് നമ്മുടെ സമൂഹത്തിലെ ഏറെറവും അടിത്തട്ടിൽ കിടക്കുന്ന ദുർബ്ബലവിഭാഗങ്ങൾക്കുവേണ്ടിയുള്ള ഈ പ്രമേയം സർവ്വസമ്മതമായി ഈ സഭ പാസാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. നമ്മുടെ രാജ്യത്തുള്ള ഏറെറവും ദുർബ്ബല വിഭാഗമായ ഹരിജനങ്ങളുടെയും ആദിവാസികളുടെയുമെല്ലാം സാമ്പത്തികവും സാമൂഹ്യവുമായ ഉയർച്ചക്ക് ഉതകുന്നതാണ് സർക്കാർ ജോലിയും പൊതുമേഖലാസ്ഥാപനങ്ങളിലെ ജോലിയും. മറെറുള്ള ജനങ്ങളിൽനിന്നും വേർതിരിഞ്ഞു ജീവിക്കുന്നവരാണ് ഇവർ. അവരെ ഈ മേഖലയിലേക്കു കൊണ്ടുവരികയാണെങ്കിൽ മറെറുള്ളവരെ കണ്ടുപഠിക്കാനുള്ള സൗകര്യം അവർക്കു കിട്ടും. മറെറുള്ളവരുമായി ഇടപഴകിവരുമ്പോൾ തങ്ങളുടെ കുട്ടികളെയും ഇതുപോലെ പഠിപ്പിച്ച് ഉദ്യോഗസ്ഥൻമാരാക്കി കൊണ്ടുവരണമെന്നും വെളുത്തവസ്ത്രം ധരിക്കണമെന്നും നല്ലരീതിയിൽ ജീവിക്കണമെന്നും ഉള്ള ആഗ്രഹം അവരിലും ഉണ്ടാകും. അല്ലാതെ ഇന്നത്തെ രീതിയിൽ വിട്ടുകഴിഞ്ഞാൽ അവർക്ക് വളരണമെന്നുള്ള ആഗ്രഹംപോലും ഉണ്ടാകുകയില്ല. അതുണ്ടാക്കാൻവേണ്ടിയാണ് ഇവർക്കു സംവരണം ഏർപ്പെടുത്തിയത്. പക്ഷേ ഗവൺമെൻറിൻെറ സമീപനം വളരെ നിരാശാജനകമാണ്. അല്ലെങ്കിൽ ഇത്തരമൊരു പ്രമേയം കൊണ്ടുവരേണ്ട ആവശ്യം തന്നെ ഇല്ലായിരുന്നു. ഈ കാര്യങ്ങളെക്കുറിച്ചെല്ലാം ഈ അസംബ്ലിയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമസമിതി പഠിച്ചു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. പൊതുമേഖലാസ്ഥാപനങ്ങളിലെ കാര്യങ്ങളെക്കുറിച്ചുതന്നെ ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. നാലാമതു നിയമസഭയിലെ അഞ്ചാമതു റിപ്പോർട്ട്. ആ റിപ്പോർട്ടു നടപ്പിലാക്കാൻ ഗവൺമെൻറ് തയ്യാറായിട്ടില്ല. 1976-ലും ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ട്. ആദിവാസികൾക്കും ഹരിജനങ്ങൾക്കുമെല്ലാം സംവരണം കൊടുക്കണമെന്ന് വളരെ ശക്തിയായ ഭാഷയിൽ ഈ റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ട്. പക്ഷേ ഗവൺമെൻറ് അതു നടപ്പാക്കിയിട്ടില്ല. ഇലക്ട്രിസിറി ബോർഡ്, ട്രാൻസ്പോർട്ടു കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങളിലൊക്കെ മുഴുവൻ നിയമനവും നടത്തിയശേഷമാണ് നിയമനങ്ങൾ പി.എസ്.സി.ക്കു വിട്ടുകൊടുക്കുന്നത്. ഗവൺമെൻറിൻെറയും രാഷ്ട്രീയ പാർട്ടികളുടെയും സ്വാധീനമുപയോഗിച്ചുള്ള നിയമനങ്ങൾ നടത്തിക്കഴിഞ്ഞശേഷമാണു സർ, പി.എസ്.സി.ക്കു വിട്ടുകൊടുക്കുന്നത്. അതാണ് പ്രധാന കാരണം. രോഗം മനസ്സിലാക്കി ചികിൽസിച്ചാലേ പരിഹാരമുണ്ടാകുകയുള്ളൂ.

12 Noon]

LIBRARY ARCHIVES Kerala Legislative Assembly

സംവരണത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടില്ല. ഹരിജനങ്ങൾക്കും ആദിവാസികൾക്കുമെല്ലാം സംവരണം ഏർപ്പെടുത്തി എന്നൊക്കെ ഫാഷനായി പറയും. പക്ഷേ ഒരു ആത്മാർത്ഥതയുമില്ല. നിഷേധാത്മകമായ ഒരു നിലപാടാണു സ്വീകരിച്ചിരിക്കുന്നത്. പത്തുശതമാനത്തിൽ അധികരിക്കാൻ പാടില്ല എന്നാണ് പറയുന്നത്. പത്തുശതമാനമാണെന്നാണു പറയുന്നതെങ്കിലും അഞ്ചു ശതമാനംപോലും ഇവർക്കു ലഭിച്ചിട്ടില്ല. അതുകൊണ്ടാണ് സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഏർപ്പെടുത്തിയത്. ഈ കാര്യത്തെക്കുറിച്ച് പട്ടികജാതി. പട്ടികവർഗ്ഗക്ഷേമസമിതിയുടെ റിപ്പോർട്ടിലെ ചില വാചകങ്ങൾ ഞാൻ വായിക്കുകയാണ്. ''.....അതിനാൽ മേലിൽ ന... ത്തുന്ന എല്ലാ നിയമനങ്ങളിലും ഈ നിബന്ധന പാലിക്കണമെന്ന് എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഗവൺമെന്റ് കർശനമായ കൽപ്പനകൾ നൽകണം, അതനുസരിക്കാത്ത മാനേജുമെന്റുകളുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കണം എന്ന് ആവശ്യപ്പെടുന്നു.'' പി.എസ്.സി.ക്കു വിട്ടുകൊടുത്തിട്ടുള്ള തസ്തികകളിലുള്ള ബാക്ക്ലോഗ് പൂർണ്ണമായി പരിഹരിക്കുന്നതുവരെ ഈ തസ്തികകളിൽ ഉണ്ടാകുന്ന എല്ലാ ഒഴിവുകളും പട്ടികജാതി - പട്ടികവർഗ്ഗക്കാർക്കുവേണ്ടി നീക്കിവയ്ക്കേണ്ടതാണ്. അതിനുശേഷം മാത്രമേ മറ്റു സമുദായങ്ങളിൽനിന്നു നിയമിക്കാവൂ എന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ വ്യവസായസ്ഥാപനങ്ങളെക്കുറിച്ചാണും ഈ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കറിഞ്ഞുകൂടാ. അതുകൊണ്ടാണ് ചിലപ്പോൾ ആളെ കിട്ടാത്തത്. എട്ടുശതമാനം ഹരിജനങ്ങൾക്കും രണ്ടുശതമാനം ആദിവാസികൾക്കും നിർബന്ധമായും കൊടുത്തിരിക്കണം. ആളില്ലെങ്കിൽ ആദിവാസികളുള്ള സ്ഥലത്തുനിന്നും കൊണ്ടുവന്നുകൊടുക്കണം. എങ്കിൽമാത്രമേ ഇവർക്ക് ഈ മേഖലയിൽ വരാൻ സാധിക്കുകയുള്ളൂ. ഈ കാര്യത്തിൽ ഗവൺമെന്റ് ആത്മാർത്ഥത കാണിക്കണം. അല്ലാതെ ചർച്ചചെയ്തിട്ടുമാത്രം കാര്യമില്ല. ഇനിയെങ്കിലും ഇക്കാര്യം ഗൗരവമായി പരിഗണിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. നീലലോഹിതദാസൻനാടാർ: സർ, പ്രമേയത്തിൽ 'അടിയന്തിരമായി' എന്ന വാക്കിനു പകരം 'ഉടനടി' എന്ന വാക്കു ചേർക്കണം എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു. ഇന്നു സംവരണം നടപ്പിലാക്കാത്ത പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സഹകരണസംഘങ്ങൾ, സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിലും സംവരണതത്വം നടപ്പിലാക്കണമെന്നാവശ്യപ്പെടുന്നതാണ് ഈ പ്രമേയം. ഈ പ്രമേയത്തെ അനുകൂലിക്കുന്നതോടൊപ്പം ഇന്നു സംവരണതത്വം നടപ്പിലാക്കുന്നു എന്നുകരുതപ്പെടുന്ന സ്ഥാപനങ്ങളിൽ അതു ശരിയായി പാലിക്കപ്പെടുന്നുണ്ടോ എന്നുകൂടി പരിശോധിക്കണമെന്നു ഞാനാവശ്യപ്പെടുകയാണ്. സംവരണതത്വം നടപ്പിലാക്കിയശേഷം നടത്തുന്ന നിയമനങ്ങളിൽത്തന്നെയും വേണ്ടത്ര പരിഗണന ലഭിക്കാത്ത നിരവധി സമുദായങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. അതു ശരിക്കു കണ്ടുപിടിക്കണമെങ്കിൽ സർക്കാർ സർവ്വീസിലുള്ള വിവിധ കേഡറുകളിലെ ഉദ്യോഗസ്ഥൻമാരുടെ ജാതിതിരിച്ചുള്ള ലിസ്റ്റ് എടുക്കേണ്ടതുണ്ട്. അക്കാര്യം നിരവധി സംഘടനകൾ ഇതിനകം ആവശ്യപ്പെട്ടിട്ടുള്ളതാണെങ്കിലും നമ്മുടെ സംസ്ഥാനത്തു മാറിമാറിവന്നിട്ടുള്ള ഗവൺമെന്റുകളൊന്നുംതന്നെ അതിനു തയ്യാറായിട്ടില്ല. ജനസംഖ്യാനുപാതികമായി ജാതിതിരിച്ചുള്ള സെൻസസും എടുക്കേണ്ടതായിട്ടുണ്ട്. അങ്ങ

LIBRARY ARCHIVES Kerala Legislative Assembly

നെയാകുമ്പോഴും ഏറെക്കുറച്ചിലനുസരിച്ച് ഇതുവരെ പ്രാതിനിധ്യം കിട്ടിയിട്ടില്ലാത്ത സമുദായങ്ങൾക്കു പ്രാതിനിധ്യം കൊടുക്കാൻസാധിക്കും. അതിനുള്ള നടപടി സ്വീകരിച്ചെങ്കിൽ മാത്രമേ സംവരണതത്വംകൊണ്ട് അകുഷ്ടരാർത്ഥത്തിൽ പ്രയോജനമുണ്ടാകുകയുള്ളൂ. പൊതുമേഖലാസ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.ക്കു വിടുമെന്ന് ആവർത്തിച്ചാവർത്തിച്ച് മുഖ്യമന്ത്രി ഇവിടെ ഉറപ്പുനൽകുന്നുണ്ട്. ഹരിലിം ഡെവലപ്പ്മെൻറ് കോർപ്പറേഷനിലും കേരള മിൽക്ക് മാർക്കറ്റിംഗ് ബോർഡിലുമൊക്കെയുള്ള നിയമനങ്ങൾ പി.എസ്.സി.ക്കു വിടുന്നതാണെന്ന് പലതവണ പ്രഖ്യാപിച്ചിട്ടുള്ളതാണ്. പക്ഷേ ഇതുവരെ അതു പെയ്തിട്ടില്ല. പി.എസ്.സി. മുഖാന്തിരം ഒരു നിയമനവും അവിടെ നടത്തിയിട്ടില്ല. അതിന്റെ ഫലം സംവരണതത്വം പാലിക്കുന്നില്ല എന്നുള്ളതാണ്. ഈ സംവരണതത്വം പാലിച്ചുകൊണ്ട് പൊതുമേഖലാസ്ഥാപനങ്ങളിൽ നിയമനം നടത്താനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കണമെന്നു ഞാനാവശ്യപ്പെടുന്നു. നമുക്കറിയാം, രാഷ്ട്രീയകുതിരക്കച്ചവടത്തിന്റെ പേരിൽ സംഘടിപ്പിക്കപ്പെട്ട പല സംഘടനകളുടെയും പ്രതിനിധികളെ പല കോർപ്പറേഷനുകളുടെയും ഡയറക്ടർമാരായി മാറ്റാറുണ്ട്. അങ്ങനെയാകുമ്പോൾ പലപ്പോഴും പിന്നോക്കസമുദായങ്ങളെയും ഹരിജനങ്ങളെയും അവഗണിക്കുകയാണ്. സഹകരണസംഘങ്ങളാണെങ്കിൽ മുന്നോക്കക്കാരുടെ പിടിയിൽ അമർന്നിരിക്കുകയാണ്. അതുപോലെതന്നെ സ്വകാര്യമേഖലയിൽ സ്കൂളുകളൊന്നും അനുവദിക്കുകയില്ലെന്നു പറഞ്ഞിരുന്ന ഗവൺമെൻറ് വീണ്ടും സ്വകാര്യമേഖലയിൽ സ്കൂളുകൾ അനുവദിച്ചിരിക്കുകയാണ്. അവിടെയും സംവരണതത്വം കർശനമായി പാലിക്കണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലുള്ള കുറവു പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ പ്രമേയം സഭ ഐകകണ്ഠ്യേന പാസാക്കണമെന്നഭ്യർത്ഥിക്കുന്നു.

ശ്രീ. പി. കരുണാകരൻ: സർ, പ്രമേയത്തിൽ 'ഈ സഭ' എന്നതിനു ശേഷം—'കേന്ദ്ര സംസ്ഥാന ഗവൺമെൻറുകളോട് ആവശ്യപ്പെടുന്നു' എന്ന രീതിയിൽ തിരുത്തണം എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണ്. ഹരിജനങ്ങളുടേയും ആദിവാസികളുടേയും പിന്നോക്കവിഭാഗക്കാരുടേയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന ഗവൺമെൻറ് ആണ് ഞങ്ങൾ എന്ന് പലപ്പോഴും അവകാശപ്പെടാറുള്ള ഗവൺമെൻറ്, സഖാവ് വിജയൻ ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് കേരളത്തിലെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റു വ്യവസായ സ്ഥാപനങ്ങളിലും, സംവരണതത്വം എങ്ങനെയാണ് നടപ്പിലാക്കിയത് എന്നു വിശദീകരിക്കുകയുണ്ടായി. നമ്മുടെ ഭരണഘടനയനുസരിച്ചു തന്നെ സാമൂഹ്യപരമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് വിദ്യാഭ്യാസരംഗത്തും ഉദ്യോഗരംഗത്തും സംവരണം വേണമെന്ന് ഇവിടെ അംഗീകരിച്ചതാണ്. ഗവൺമെൻറ് അതിനോട് യോജിക്കുന്നില്ല. ഇവിടെ കോർപ്പറേഷനുകൾ രൂപീകരിക്കുന്നതിലും മറ്റു സ്ഥാപനങ്ങൾ രൂപീകരിക്കുന്നതിലും സംവരണതത്വങ്ങൾ പാലിക്കാത്തത് ഈ ഗവൺമെൻറിലെതന്നെ ചില ആളുകളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ആണെന്നുള്ളതാണ് വസ്തുത. പൊതുമേഖലാ സ്ഥാപനങ്ങൾ പലതും എടുത്തു പരിശോധിച്ചാൽ സുഹൃത്തുക്കൾ പറഞ്ഞതുപോലെ അതിൽ അവസാനത്തെ തസ്തികയിലേക്കുപോലും നിയമനം നടത്തിയിട്ടായിരിക്കും പി.എസ്.സി.ക്ക് വിടുന്നത്. ഘടകകക്ഷികൾക്കും താൽപ്പര്യമുള്ള മുഴുവൻ ആൾക്കാരെയും നിയമിച്ചു കഴി

LIBRARY ARCHIVES Kerala Legislative Assembly

ഞ്ഞിട്ടായിരിക്കും പി.എസ്.സി.ക്കു വിടുന്നത് എന്നാണ് പറയുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളിൽ വർക്കർ വരെയുള്ള, എണ്ണൂറു രൂപ ശമ്പളം വാങ്ങുന്ന ആളുകളുടെ നിയമനം പി.എസ്.സി.ക്ക് വിടുന്നുണ്ട്. സംവരണം പാലിക്കാൻവേണ്ടി അതിനുവേണ്ടി സർക്കുലർ അയച്ചിരിക്കുകയാണ് എന്നു മുഖ്യമന്ത്രി പറയുകയുണ്ടായി. സർക്കുലർ അയച്ചതിനുശേഷവും ഇത്തരം സ്ഥാപനങ്ങളിൽ സംവരണതത്വം പാലിച്ചതായി കാണാൻ കഴിയുന്നില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളും ഈ രാജ്യത്ത് ഗവൺമെൻറിന്റെ പണംകൊണ്ടാണ് നടത്തുന്നത്. കുട്ടികളെ ചേർക്കുന്നതിനും അദ്ധ്യാപകരെ നിയമിക്കുന്നതിനും പണം വാങ്ങിക്കുന്നുണ്ട്. പ്രൈവറ്റുമേഖലയിലും മറ്റു രംഗങ്ങളിലും സംവരണതത്വം പാലിക്കാൻവേണ്ടി ഗവൺമെൻറ് നിർദ്ദേശിക്കണം. സഹകരണസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഈ തത്വം പാലിക്കേണ്ടത് ആവശ്യമാണ്. ഗവൺമെൻറ് ഈ രംഗത്ത് അനാസ്ഥ കാണിച്ചുകൊണ്ടിരിക്കുകയാണ്. അടിയന്തിരമായും ഈ സംവരണതത്വം പാലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഈ പ്രമേയത്തെ ഒന്നുകൂടി പിന്താങ്ങുന്നു.

ശ്രീ. പി.കെ. ശ്രീനിവാസൻ: പ്രമേയത്തിൽ ''പൊതുമേഖലാ.... .....തുടങ്ങിയവയിലെ'' എന്നതിനുശേഷം ''ഉദ്യോഗ.....'' എന്നുകൂടി ചേർക്കണം എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച പ്രമേയത്തോടു പൂർണ്ണമായി യോജിക്കുകയാണ്. സർ, ഇന്ന് ഈ പൊതുമേഖലാ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും നമ്മുടെ സ്വകാര്യവിദ്യാലയങ്ങളിലും നമ്മുടെ നാട്ടിൻപുറത്തൊക്കെയുള്ള സഹകരണമേഖലയിലും എല്ലാം ഉള്ള നിയമനങ്ങളും സംവരണതത്വം തീരെ പാലിക്കാതെയാണ് നടത്തിയത് എന്നു ഞങ്ങൾക്കറിയാം.

പൊതുമേഖലയിലെ നിയമനങ്ങളെ സംബന്ധിച്ച് ശ്രീ. വിജയൻ കണക്കുകളും ഉദ്ധരിച്ച് ഇവിടെ പറഞ്ഞു. സർക്കാർ സർവ്വീസിലുള്ള ജോലി പരിമിതമാണ്. ധാരാളം ആളുകൾക്ക് തൊഴിൽ നേടാനുള്ള സാധ്യതയുള്ള രംഗങ്ങളാണ് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളും നമ്മുടെ സഹകരണ സ്ഥാപനങ്ങളും, നമ്മുടെ സ്വകാര്യമേഖലയിലുള്ള വിദ്യാലയങ്ങളും. നിർഭാഗ്യമെന്നു പറയട്ടെ, നമ്മുടെ ഗവൺമെൻറ് ആത്മാർത്ഥമായി പരിശ്രമിക്കുന്നില്ലെന്നു പറയുന്നില്ലെങ്കിൽപ്പോലും സംവരണതത്വം ഈ രംഗങ്ങളിൽ കാര്യമായി പരിപാലിക്കാൻ കഴിഞ്ഞിട്ടില്ല. അതിനു കഴിയണം. സ്വകാര്യവിദ്യാലയങ്ങളിൽ ഈ സംവരണതത്വം പാലിക്കാൻ നിയമപരമായ തടസ്സങ്ങൾ ഉണ്ടോ? ഹരിജനങ്ങൾക്ക് ഈ സ്വകാര്യവിദ്യാലയങ്ങളിൽ എത്രകണ്ടു നിയമനം കിട്ടിയിട്ടുണ്ട് എന്നു പരിശോധിച്ചുനോക്കണം. കോളേജുകളിലായിരുന്നാലും വിദ്യാലയങ്ങളിലായിരുന്നാലും അവർക്ക് നാമമാത്രമായ നിയമനങ്ങൾപോലും ലഭിക്കുന്നില്ലെന്നു കാണാൻ കഴിയും. ഇക്കൊല്ലം മുന്നൂറിലധികം സ്കൂളുകൾ അനുവദിക്കാൻ പോകുന്നു. അവിടെ നടക്കാൻപോകുന്ന ആയിരക്കണക്കിന് നിയമനങ്ങളിൽ എത്ര ഹരിജനങ്ങൾക്ക് നിയമനം കിട്ടുമെന്നതിന് ഉറപ്പില്ല. നിയമത്തിൽ ഖണ്ഡിതമായ ചില വ്യവസ്ഥകൾ ഉണ്ടാകാത്തിടത്തോളം കാലം ഹരിജനങ്ങൾക്ക് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജോലി കിട്ടാൻ യാതൊരു സൗകര്യവും ഇല്ലാത്ത അവസ്ഥയാണ് ഉള്ളത്. കെ.എസ്. ആറിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. സ്വകാര്യവിദ്യാലയങ്ങളിൽ സംവരണതത്വം പാലിക്കാനുള്ള വ്യവസ്ഥ ഉണ്ടാക്കണം. ഹരിജന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങൾക്കു് ന്യായമായ പ്രാതിനിധ്യം ഈ വിദ്യാലയങ്ങളിൽ കിട്ടാനുള്ള സംവിധാനം ഉണ്ടാകത്തക്കവിധത്തിൽ നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തണം. ഇന്നു് ഈ കോർപ്പറേഷനുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമൊന്നും സംവരണതത്വം പാലിക്കാറില്ല. ഹരിജനങ്ങൾക്കു് തീരെ പ്രാതിനിധ്യം ഇല്ല. അതുനികത്തുന്നതിനോടൊപ്പം തന്നെ, പിൽക്കാല പ്രാബല്യത്തോടുകൂടി ഹരിജനങ്ങൾക്കു് ഈ സ്ഥാപനങ്ങളിൽ ആനുപാതികമായി ഉള്ള പ്രാതിനിധ്യം ലഭിക്കുന്നതിനു് ആവശ്യമായ നിർദ്ദേശം ഗവൺമെൻറു് നൽകണമെന്നുള്ളതാണു് എനിക്കു പറയുവാനുള്ളതു്. അച്യുതമേനോൻ ഗവൺമെൻറിൻെറ കാലത്താണു് സ്പെഷ്യൽ റിക്രൂട്ടുമെൻറു് സിസ്റ്റം ഏർപ്പെടുത്തിയതു്. വളരെ പുരോഗമനപരമായ ഗവൺമെൻറായിരുന്നു അതു്. എങ്കിലും പിൽക്കാല പ്രാബല്യത്തോടുകൂടി പൊതുമേഖലാസ്ഥാപനങ്ങളിലും മറ്റും ഹരിജനങ്ങൾക്കും പിന്നോക്കക്കാർക്കും പ്രാതിനിധ്യം ഉണ്ടാക്കാൻ ശ്രമിക്കണം. ഇന്നു് ഈ രാജ്യത്തു് രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നയിക്കുന്ന സഹകരണസ്ഥാപനങ്ങളാണു് കൂടുതലായി ഉള്ളതു്. അവിടെപ്പോലും ഹരിജനെ നിയമിക്കുന്നതിനു് നമുക്കു പലർക്കും കഴിയുന്നില്ലായെന്നുള്ളതു് വിമർശനപർമായി പരിശോധിക്കേണ്ടതാണു്. അതുകൊണ്ടു് ഈ രംഗത്തെല്ലാ ഗവൺമെൻറും പൊതുമേഖലാസ്ഥാപനങ്ങളും മറ്റു പ്രസ്ഥാനങ്ങളും എല്ലാം അവശത അനുഭവിക്കുന്ന പിന്നോക്ക വിഭാഗക്കാർക്കും ഹരിജനങ്ങൾക്കും പ്രാതിനിധ്യം ലഭിക്കുന്നതിനുവേണ്ടി യോജിച്ചു പ്രവർത്തിക്കണം.

ശ്രീ. പി.പി.വി. മൂസ: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുകയാണു്. പിന്നോക്കവിഭാഗക്കാർക്കു ഈ പൊതുമേഖലാസ്ഥാപനങ്ങളിൽ അർഹമായ പ്രാതിനിധ്യം ഇല്ല എന്നുള്ള പരാതി ഇവിടെ എല്ലാഭാഗത്തുനിന്നും ഉയർന്നുവന്നു. ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയുമ്പോഴും വേണ്ടത്ര പ്രാതിനിധ്യം നൽകാൻ നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടു് എന്നാണു് പറയാറുള്ളതു്. ഇതു വെറും അധരവ്യായാമം മാത്രമാണു്. കെൽട്രോൺ, ടൈറാനിയം കോംപ്ലക്സ് മുതലായ പൊതുമേഖലാ സ്ഥാപനങ്ങൾ എടുത്തുനോക്കിയാൽ ഒരു പൊടിപോലും ഞങ്ങളുടെ സമുദായത്തിൽപ്പെട്ട ആളുകൾ ജോലിക്കില്ല എന്നു കാണാൻ കഴിയും. ഈ അവസ്ഥ ഈ കൊല്ലത്തിലും തുടരും. പിന്നോക്ക വിഭാഗക്കാർക്കു് പ്രാതിനിധ്യം ഉണ്ടെന്നു് അവകാശപ്പെടുന്നവരുടെ ഭരണകൂടം അധികാരത്തിൽ വന്നിട്ടു് നീണ്ട പത്തു വർഷമായിട്ടുപോലും ഈ സ്ഥാപനങ്ങളെല്ലാം ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഇന്നും ബാലികേറാമല ആണു് എന്നു പറയേണ്ടിവരുന്നതു് കഷ്ടമാണു്. ഈ സ്ഥിതി മാറി ഈ പിന്നോക്ക വിഭാഗങ്ങൾക്കു അർഹമായ പ്രാതിനിധ്യം എല്ലാ മേഖലകളിലും കൊടുക്കാൻ വേണ്ട സംവിധാനങ്ങൾ, വാക്കുകൊണ്ടല്ല, പ്രവൃത്തികൊണ്ടു കൈവരുത്താനുള്ള ധൈര്യം ഉണ്ടാകണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. എം.കെ. കൃഷ്ണൻ: സർ, പ്രമേയത്തിൽ 5-ാം വരിയിൽ ''നിലവിലുള്ളമാതിരി'' എന്നതിനുശേഷം ''സ്പെഷ്യൽ റിക്രൂട്ടുമെൻറു് സമ്പ്രദായമുൾപ്പെടെയുള്ള സംവരണതത്വം'' എന്നാക്കണം എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുകയാണു്. പൊതുമേഖലാസ്ഥാപനങ്ങളെക്കുറിച്ചു് ശ്രീ. വിജയൻതന്നെ വളരെ വിശദമായി സംസാരിച്ചു. ഇന്നുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ മാത്ര

LIBRARY ARCHIVES Kerala Legislative Assembly

മല്ല, നമ്മുടെ സംസ്ഥാനത്ത് നിരവധി പൊതുമേഖലാ സ്ഥാപനങ്ങളും കോർപ്പറേഷനുകളും ഉണ്ടാക്കാൻ പോകുകയാണ്. പി.എച്ച്.ഇ.ഡി. ഡിപ്പാർട്ടുമെന്റുതന്നെ ബോർഡ് ആക്കുന്ന അവസരത്തിൽ ആ ഡിപ്പാർട്ടുമെന്റ് ഇല്ലാതാകും. വരാൻ പോകുന്ന പൊതുമേഖലാസ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും ശ്രീ. വിജയൻ വിശദീകരിച്ച മാതിരിയുള്ള സ്ഥിതിയാണ് പിന്നോക്ക വിഭാഗക്കാർക്കും ആദിവാസികൾക്കും ഹരിജനങ്ങൾക്കും ജോലി കൊടുക്കുന്ന കാര്യത്തിൽ സ്വീകരിക്കുന്നതെങ്കിൽ ഇന്നുള്ളതിനെക്കാൾ കൂടുതൽ ഗുരുതരമായ സ്ഥിതിയാകും. 194 കോടി രൂപ ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിൽ നൂറുകോടിരൂപയും സർക്കാർ നിയന്ത്രണത്തിലുള്ള സ്വകാര്യ വിദ്യാലയങ്ങൾക്കുവേണ്ടി മാത്രം ചെലവഴിക്കുന്നു. ഏകദേശം ഒരു ലക്ഷത്തിലേറെ അദ്ധ്യാപകർ സ്വകാര്യ വിദ്യാലയങ്ങളിൽ മാത്രം ജോലി എടുക്കുന്നുണ്ട്. പതിനായിരത്തോളം ആളുകൾ സ്വകാര്യ കലാലയങ്ങളിൽ ജീവനക്കാരായി ഉണ്ട്. സർക്കാർ നൂറുകോടി രൂപയോളം മുടക്കി ശമ്പളം നേരിട്ടുകൊടുക്കുകയും അതോടൊപ്പം ഗ്രാൻറ് കൊടുക്കുകയും ചെയ്യുന്ന ഈ വിദ്യാഭ്യാസ രംഗം ഹരിജനങ്ങൾക്കും പട്ടികജാതിക്കാർക്കും ഇന്നും ബാലികേറാമലയാണ്. ഇതിനു മുമ്പു മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ.കെ. ആൻറണി സഹകരണ രംഗത്ത് സംവരണതത്വം പാലിക്കുമെന്ന് ഉറപ്പു നൽകുകയും ഉടനടി ഗവൺമെൻറ് നടപടി നടത്താം എന്നും സമ്മതിച്ചതുമാണ്. എന്നാൽ അതിനുള്ള നടപടി ഒന്നുമായിട്ടില്ല. സ്വകാര്യ വിദ്യാഭ്യാസ രംഗത്ത് സംവരണം ഏർപ്പെടുത്തുന്നതിന് കെ.ഇ.ആറിൽ മാറ്റം വരുത്തുന്ന കാര്യത്തെപ്പറ്റി ശ്രീനിവാസൻ ഇവിടെ പറഞ്ഞു. ആ നിയമം ഈ സഭയിൽ വന്ന അവസരത്തിൽ ആ നിയമത്തിൽ പതിനൊന്നാം വകുപ്പ് എന്നു പറയുന്ന ഒരു വകുപ്പ് ഉണ്ടായിരുന്നു. സ്വകാര്യ വിദ്യാഭ്യാസ രംഗത്ത് റിസർവേഷൻ സ്ഥാപിക്കാൻ ഏർപ്പാടില്ലാതെ വരുന്ന അവസരത്തിൽ പട്ടികജാതിക്കാർക്കും വർഗ്ഗക്കാർക്കും കിട്ടാതെ വരുന്ന ഉദ്യോഗങ്ങളുടെ എണ്ണം സർക്കാർ സർവ്വീസിൽകൊടുക്കും എന്നു വ്യവസ്ഥ ചെയ്തുകൊണ്ടുള്ളതായിരുന്നു ആ വകുപ്പ്. ആ നിയമം ഇനിയും കൊണ്ടുവരാൻ കഴിയുമോ? പിന്നോക്ക വിഭാഗക്കാർ എന്നു പറയുന്ന ആളുകൾക്കു സ്വകാര്യവിദ്യാലയങ്ങൾ ഉണ്ട്. അവരുടെ പ്രാതിനിധ്യം മുഴുവനും കിട്ടിയിരിക്കും. അവഗണിക്കപ്പെട്ടിട്ടുള്ളത് പട്ടിക ജാതിക്കാരും പട്ടിക വർഗ്ഗക്കാരും ആണ്. അതുകൊണ്ട് കെ.ഇ.ആറിലെ പതിനൊന്നാം വകുപ്പ് പുന:സ്ഥാപിക്കാൻ കഴിയണം. അതോടൊപ്പം സഹകരണ രംഗത്ത് അടിയന്തിരമായി - നടപ്പിലാക്കാം എന്ന് പറഞ്ഞ വാഗ്ദാനം പാലിക്കാനും തയ്യാറാകണം. പൊതുമേഖലാ സ്ഥാപനങ്ങളും കോർപ്പറേഷനുകളും കൂടുതൽ ഉണ്ടാകാൻ പോകുകയാണ്. സംവരണതത്വം കൃത്യമായി പാലിക്കുകയും പാലിക്കപ്പെടാത്ത ഇടങ്ങളിൽ സ്പെഷ്യൽ റിക്രൂട്ടുമെൻറ് വഴി അവകാശപ്പെട്ട റിസർവേഷൻ കിട്ടുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. കെ. പി. നൂറുദ്ദീൻ: സർ, ഉദ്യോഗനിയമനങ്ങളിൽ സംവരണതത്വം പാലിക്കണമെന്നുള്ളത് വളരെ മുൻപുമുതലേ ഗവൺമെൻറ് എടുത്ത തീരുമാനമാണ്. ഗവൺമെൻറുമേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കാര്യം പൊതുമേഖലാ സ്ഥാപനങ്ങളിലേക്കും ബാധകമാക്കണമെന്നും അവിടെയും നടപ്പിലാക്കണമെന്നും നിരന്തരമായി ഗവൺമെൻറും ഉത്തരവാദപ്പെട്ട മന്ത്രിമാരും നിർദ്ദേശിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഈ സഭയിൽ പറഞ്ഞു. പക്ഷേ നിർഭാഗ്യകരമായ

LIBRARY ARCHIVES Kerala Legislative Assembly

നിലപാടാണ് പൊതുമേഖലാ സ്ഥാപനങ്ങളിൽപ്പോലും ഉദ്യോഗനിയമന കാര്യത്തിൽ സ്വീകരിച്ചുവരുന്നത്. ഉപദേശങ്ങൾകൊണ്ടും നിർദ്ദേശങ്ങൾകൊണ്ടും മാത്രം ഇതു നടപ്പിലാക്കാൻകഴിയുമെന്ന് എനിക്കു വിശ്വാസമില്ല. ശിക്ഷാനടപടികൾപോലും സ്വീകരിക്കാൻ ഉപകരിക്കുമാറുള്ള നിയമനിർമ്മാണം കൊണ്ടുവരാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് എനിക്കു പറയാനുള്ളത്. സഹകാര്യവിദ്യാഭ്യാസസ്ഥാപനങ്ങളിലും സഹകരണസ്ഥാപനങ്ങളിലുംകൂടി ഇതു നടപ്പിലാക്കുമെങ്കിൽ അധോഗതിയുടെ അടിത്തട്ടിൽ കഴിയുന്ന പാവപ്പെട്ട ഹരിജനങ്ങളെയും ആദിവാസികളെയും പിന്നോക്കവിഭാഗത്തിൽപ്പെട്ടവരെയും ഉയർത്തിക്കൊണ്ടു വരാൻ കഴിയും എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് അടിയന്തിരമായ നിയമനിർമ്മാണ നടപടി എടുക്കാൻകൂടി ഗവൺമെന്റു മുന്നോട്ടുവരണമെന്നഭ്യർത്ഥിച്ചുകൊണ്ട് പ്രമേയത്തെ അനുകൂലിക്കുന്നു.

ശ്രീ. പി.കെ. ശങ്കരൻകുട്ടി: പ്രമേയത്തിൽ ''അംഗീകരിച്ചു നടപ്പിലാക്കാനാവശ്യമായ'' എന്നതിനുശേഷം ''സത്വര'' എന്നുകൂടി ചേർക്കുക എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർ, അധ:സ്ഥിതർക്കും താഴേക്കിടയിൽ കിടക്കുന്ന പാവപ്പെട്ടവർക്കുംവേണ്ടി എല്ലാം ചെയ്യുന്നു എന്നും കേരളം ഇക്കാര്യത്തിലെല്ലാം മുന്നിട്ടു നിൽക്കുന്നുവെന്നും പല പ്പോഴും പറഞ്ഞിട്ടുള്ള ഭരണകക്ഷിയംഗങ്ങളുടെ പ്രസംഗത്തിൽനിന്ന് ഇപ്പോഴും ഒരുകാര്യം വ്യക്തമായി. ശ്രീ. അച്യുതമേനോന്റെ ഭരണത്തിന്റെ തുടർച്ചയായിട്ടുള്ള ഈ ഭരണത്തിലും ശ്രീ. വിജയൻ ചൂണ്ടിക്കാണിച്ചതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളിലോ സഹകരണരംഗത്തോ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു കൊടുക്കേണ്ട പ്രാതിനിധ്യം കൊടുക്കാൻകഴിഞ്ഞിട്ടില്ല എന്ന്. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമത്തിനുവേണ്ടിയുള്ള നിയമസഭാകമ്മിറ്റിയുടെ ശുപാർശകൾപോലും നടപ്പിൽ വരുത്താൻ കഴിയാതെ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി ചെയ്യുന്ന നൻമയുടെ പേരിൽ പുരപ്പുറത്തിരുന്നു വിളിച്ചുപറയുന്നതിന്റെ പൊള്ളത്തരമല്ലേ കണക്കുകൾ കാണിക്കുന്നത്? ശ്രീ. നൂറുദ്ദീൻ പറഞ്ഞുകഴിഞ്ഞകാലത്ത് ഒന്നും ചെയ്യാൻ കഴിഞ്ഞില്ല, നിർദ്ദേശംകൊടുത്തിട്ട് നടത്തിയില്ല, എന്ന്. അതുകൊണ്ട് നിയമങ്ങൾ വേണം എന്നു പറയുന്ന കെ.ഇ.ആർ. ലും സഹകരണനിയമത്തിലുമൊക്കെ മാറ്റം വേണമെന്നു പറയുന്നത് . ആത്മാർത്ഥമായിട്ടാണെന്നു കാണിക്കാൻവേണ്ടി ഈ പ്രമേയത്തെ സർവ്വസമ്മതമായി പാസാക്കണം എന്നു പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു; പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. എസ്. ത്യാഗരാജൻ: പ്രമേയത്തിൽ അഞ്ചാമത് വരിയിൽ ''നിലവിലുള്ള മാതിരി'' എന്ന ഭാഗത്തിനു ശേഷം ''പി.എസ്.സി. വഴി'' എന്നുകൂടി കൂട്ടിച്ചേർക്കണം എന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. സർ, പ്രമേയത്തിന്റെ തത്വത്തോടു ഞാൻ യോജിക്കുകയാണ്. നമ്മുടെ രാജ്യത്ത് പുതിയ തൊഴിൽസാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ കഴിയുന്ന മേഖലകളാണ് സഹകരണമേഖലയും പൊതുമേഖലാസ്ഥാപനങ്ങളും. അവിടെ വർദ്ധിച്ചുവരുന്ന നിയമനങ്ങളിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും പിന്നോക്കവിഭാഗങ്ങൾക്കും അവർ അർഹിക്കുന്ന ന്യായമായ പ്രാതിനിധ്യം ലഭിച്ചേ മതിയാകൂ. ഇവിടെ ഗവൺമെന്റിന്റെ ആഗ്രഹവും നയവും എന്തുതന്നെയായാലും അതു പലപ്പോഴും ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ലെന്നുള്ള വസ്തുത നിലവിലുണ്ട്. പലപ്പോഴും ചോദ്യോത്തരവേദിയിൽ മന്ത്രിമാർതന്നെ അതു സമ്മതിച്ചിട്ടുമുണ്ട്. 10 ശതമാനം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുവേണ്ടി നീക്കിവയ്ക്കണമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ് സ്പെഷ്യൽ റിക്രൂട്ടുമെൻറുവഴി നിയമനം നടത്തിയിട്ട് ആ നിയമനങ്ങളിൽകൂടി വന്നിട്ടുള്ളവർക്കുപോലും ന്യായമായി ലഭിക്കേണ്ട പ്രമോഷൻ സൗകര്യങ്ങളും മന:പൂർവ്വം നൽകാതിരിക്കുന്നതിനുവേണ്ടി പ്രമോഷൻ ഡിക്ലെയർ ചെയ്യാതെ വച്ചുതാമസിപ്പിച്ചിട്ടുള്ള അനുഭവങ്ങളും നമുക്കു കാണാൻ കഴിയും. അപ്പോഴും ഗവൺമെൻറിൻെറ നയം എന്തായാലും അതിനൊക്കെ ബോധപൂർവ്വം തടസ്സം സൃഷ്ടിക്കുന്ന ഒരു സംവിധാനം ഇവിടെ നിലവിലുണ്ട് എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ആർക്കും അതിൽ അഭിപ്രായവ്യത്യാസമില്ല. ശ്രീ.. ശങ്കരൻകുട്ടി ചിരിച്ചിട്ടു കാര്യമില്ല; ഇവിടെ പറഞ്ഞിട്ടുള്ളത് ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ കേരളത്തിന് ഒരു പടി മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ട് എന്നാണ്. ആ അവകാശവാദം ഇപ്പോഴും ഉറപ്പിച്ചുതന്നെ പറയുന്നു. ഈ സന്ദർഭത്തിൽ ഇവിടെ സ്വകാര്യസ്കൂളുകളുടെ കാര്യം പറഞ്ഞു. ന്യൂനപക്ഷസമുദായങ്ങൾക്ക് സ്കൂളുകൾ സ്ഥാപിക്കുന്നതിനും നടത്തുന്നതിനും ഭരണഘടനാപരമായ ചില പ്രത്യേകാവകാശങ്ങൾ കൊടുത്തിട്ടുണ്ട്. ന്യൂനപക്ഷവിഭാഗമെന്നനിലയിൽ ഭരണഘടനാപരമായി കിട്ടിയിട്ടുള്ള ആനുകൂല്യമാണത്. അതുപോലെ സമൂഹത്തിൽ പിന്നണിയിൽ നിൽക്കുന്ന ആളുകൾക്കും ഇതുപോലെയുള്ള ആനുകൂല്യങ്ങൾ നേടിക്കൊടുക്കാനുള്ള ബാദ്ധ്യത ന്യൂനപക്ഷങ്ങളുൾപ്പെടെ എല്ലാ ആളുകൾക്കുമുണ്ട്. അതുകൊണ്ട് എനിക്കുപറയാനുള്ളത് സ്വകാര്യസ്കൂളുകളിലെ നിയമനങ്ങളുൾപ്പെടെയുള്ള മേഖലകളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കും പിന്നോക്കം നിൽക്കുന്നവർക്കും അർഹിക്കുന്ന ന്യായമായ സംവരണാനുകൂല്യങ്ങൾ നൽകണം എന്നാണ്. അതുപോലെ പൊതുമേഖലാ സ്ഥാപനങ്ങളിലും സഹകരണമേഖലയിലും ഇന്നു വന്നിട്ടുള്ള പോരായ്മ പരിഹരിക്കാൻ, പുതിയതായി ഉണ്ടാകാവുന്ന മുഴുവൻ നിയമനങ്ങളിലും ഇതുകൂടികണക്കിലെടുത്തുകൊണ്ട് നിയമനം നടത്താൻ വേണ്ട സംവിധാനമുണ്ടാക്കണം എന്നുതന്നെയാണ് എൻെറ അഭിപ്രായം.

ശ്രീ. പാണാറത്തു കുഞ്ഞിമുഹമ്മദ്: സർ, ഈ പ്രമേയത്തോടു തത്വത്തിൽ യോജിക്കുകയാണ്. പിന്നോക്ക സമുദായങ്ങളെ പ്രതിനിധാനം ചെയ്യുന്ന ഒരു പാർട്ടിയുടെ വക്താവ് എന്ന നിലയ്ക്ക് എൻെറ അഭിപ്രായം ഈ സംവരണ വ്യവസ്ഥ കൂടുതൽമേഖലകളിലേക്കു വ്യാപിപ്പിക്കണമെന്നുതന്നെയാണ്. അപ്പുറത്തുള്ളവർക്ക് ഞങ്ങളും ഭരണപക്ഷത്തുനിൽക്കുന്നു എന്നതുകൊണ്ട് ഇതിനുവേണ്ടി ഒന്നും ചെയ്യുന്നില്ല എന്ന സംശയത്തിന് അവകാശമില്ല. അത് ഈ നിയമസഭാനടപടികളിൽനിന്നുതന്നെ മനസ്സിലാക്കാൻ സാധിച്ചിരിക്കണം എന്നു ഞാൻ വിശ്വസിക്കുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിൽ സംവരണതത്വം ഭരണഘടനാനുസൃതമായി നടപ്പിലാക്കാൻസാധിക്കുമോ എന്നു പരിശോധിക്കേണ്ടതായിട്ടുണ്ട്. എല്ലാത്തിനെക്കാളും ഉന്നതമായിനിൽക്കുന്ന ഭരണഘടനയുടെ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടുമാത്രമേ ഈ നിയമസഭയ്ക്ക് ഇതെല്ലാം അനുവദിക്കാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം.കെ. കൃഷ്ണൻ: പിന്നോക്കവിഭാഗങ്ങൾക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും റിസർവേഷനുള്ളതു ഭരണഘടനയുടെ വകുപ്പുകളനുസരിച്ചുതന്നെയല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പാണാറത്തു കുഞ്ഞിമുഹമ്മദ്: ഭരണഘടനാ തത്വമനുസരിച്ചുള്ള എല്ലാ റിസർവേഷനും ഇവിടെ നടപ്പിലാക്കണമെന്നും പട്ടിക ജാതി-പട്ടികവർഗ്ഗക്കാർക്കും പിന്നോക്കസമുദായങ്ങൾക്കും കൂടുതൽ ആനുകൂല്യങ്ങൾ എല്ലാ മേഖലകളിലും നൽകണമെന്നും അഭിപ്രായപ്പെട്ടുകൊണ്ട് പ്രമേയത്തോട് തത്വത്തിൽ യോജിക്കുന്നു.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, ഈ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം തന്നെ ഈ കാര്യത്തിൽ ഗവൺമെൻറ് ശരിയായ നടപടികൾ എടുത്തു, എടുത്തുകൊണ്ടിരിക്കുന്നു എന്നുള്ള കാര്യം സമ്മതിക്കുമെന്നാണ് എൻെറ വിശ്വാസം. ചില പോരായ്മകൾ ഉള്ളതു് ഗവൺമെൻറിൻെറ സജീവ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ളതായിരിക്കണം അദ്ദേഹം പ്രമേയം അവതരിപ്പിച്ചതിൻെറ ഉദ്ദേശമെന്നാണ് ഞാൻ വിചാരിക്കുന്നത്. ആ കാര്യത്തിൽ ഞാൻ ഈ പ്രമേയത്തെ സ്വാഗതം ചെയ്യുന്നു. ഈ അപാകതകൾ ഒന്നോ രണ്ടോ കൊല്ലംകൊണ്ടു് ഉണ്ടായതല്ല. സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പുപോലും നിലവിലിരുന്ന ഒരു വ്യവസ്ഥിതി വളരെ കർശനമായ നിയന്ത്രണങ്ങൾ കൊണ്ടുവന്ന് ഇല്ലാതാക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതായിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിലും കോർപ്പറേഷനുകളിലും പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം പട്ടികജാതിക്കാർക്കും പട്ടിക വർഗ്ഗക്കാർക്കും മറ്റുള്ള പിന്നോക്ക സമുദായത്തിൽപ്പെട്ട ആളുകൾക്കും സംവരണം നൽകിക്കൊണ്ടുള്ള ഉദ്യോഗനിയമനം വേണമെന്നു തീരുമാനിച്ചിട്ടുള്ള ഏക സംസ്ഥാനം കേരളമാണ്.

ശ്രീ. എം.കെ. കൃഷ്ണൻ: കേന്ദ്ര ഗവൺമെൻറിൽ പ്രൊമോഷനും കൺഫർമേഷനും ഉൾപ്പെടെ സംവരണം പാലിച്ചുകൊണ്ട് 1970 മുതൽക്ക് നടപ്പിലാക്കുന്നതായി അറിയാമോ?

ശ്രീ. എസ്. വരദരാജൻ നായർ: അവിടത്തെ നിയമനങ്ങൾ താഴെക്കിടയിലുള്ള നിയമനങ്ങളെല്ലാം അതാത് ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാരാണ് ചെയ്യുന്നത്. നേരെമറിച്ച് ഇവിടെയാണെങ്കിൽ വാച്ചർമാർവരെയുള്ള നിയമനങ്ങൾ പി.എസ്.സി. ആണ് നടത്തുന്നത്. ഏതായാലും മൂന്ന് വിഭാഗത്തിലുള്ള നിയമനങ്ങളെ സംബന്ധിച്ചാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞിരിക്കുന്നത്. സഹകരണസംഘങ്ങളെ സംബന്ധിച്ചിടത്തോളം അതിലെ ജീവനക്കാരെ നിയമിക്കുന്നതിനുള്ള പരിപൂർണ്ണമായ അധികാരം സഹകരണസംഘങ്ങൾക്കാണ്. ഞാൻ ആദ്യം പറഞ്ഞതുപോലെ ഇൻഡ്യയിൽ മറെറാരു സംസ്ഥാനത്തുമില്ലാത്ത, സഹകരണസംഘങ്ങളിലെ ജീവനക്കാരുടെ നിയമനവും പരീക്ഷാ യോഗ്യതയും ശമ്പളനിരക്കുകളും നിശ്ചയിച്ചുകൊണ്ട് ആദ്യമായി ഒരു നിയമം പാസ്സാക്കിയത് കേരളത്തിലാണ്. അത് 1972-ൽ ആണ്. സഹകരണസംഘങ്ങളിലെ ജീവനക്കാരെ സംബന്ധിച്ചിടത്തോളം ഇന്ന് നിലവിലുള്ള നിയമമനുസരിച്ച് ഗവൺമെൻറിന് വേറൊരു നിയന്ത്രണവും ഇല്ല. അതേസമയം നിയമനങ്ങളിലുള്ള ഈ നിയന്ത്രണം ഉണ്ടാക്കണമെന്നുള്ള ആഗ്രഹംകൊണ്ടും സഹകരണ സംഘങ്ങളെ സംബന്ധിച്ചിടത്തോളം സഹകരണ നിയമത്തിൽ ചില ഭേദഗതികൾവരുത്തണമെന്ന ആവശ്യവും അനുസരിച്ച് എല്ലാംകൂടി ചേർത്തുകൊണ്ട് പുതുതായി ഇതുസംബന്ധിച്ച് ഒരു നിയമം കൊണ്ടുവരണമെന്ന് ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

വിചാരിക്കുകയാണ്. ആ പുതിയ ഭേദഗതിയെ സംബന്ധിച്ചിടത്തോളം ആ ഭേദഗതി നിയമത്തിൽ റിക്രൂട്ട്മെൻറിനെ സംബന്ധിച്ചിടത്തോളം സഹകരണസംഘങ്ങളുടെമേൽ നിയന്ത്രണം ഉണ്ടാകുമെന്നുള്ള കാര്യവും സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സർ, രണ്ടാമത് പറഞ്ഞ കാര്യം സ്വകാര്യ മേഖലയിലെ വിദ്യാലയങ്ങളെ സംബന്ധിച്ചിടത്തോളമാണ്. നിർഭാഗ്യവശാൽ ഭരണഘടനയുടെ വ്യാഖ്യാനം അനുസരിച്ച് ന്യൂനപക്ഷസമുദായങ്ങൾ നടത്തുന്ന വിദ്യാലയങ്ങളിലെ നിയമനത്തെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന് ഒരു നിയന്ത്രണവും സാദ്ധ്യമല്ലെന്നുള്ളനിലയാണ് ഇന്നുള്ളത്. എങ്കിൽ കൂടിയും സാൻമാർഗ്ഗികമായ സമ്മർദ്ദം മാനേജുമെൻറുകളുടെമേൽ ചെലുത്തുന്നതിന് ഡി.പി.ഐ.യും ഗവൺമെൻറും ശ്രമിച്ചിട്ടുണ്ടെങ്കിലും ശ്രീ. പിണറായി പറഞ്ഞതുപോലെ അത്ര വിജയിച്ചിട്ടില്ല. അതിന് ഏക തടസ്സമായി നിൽക്കുന്നത് ഭരണഘടനയിലെ വ്യവസ്ഥകൾ മാത്രമാണ്.

സർ, 1976-ൽ നമ്മുടെ കേരളത്തിലെ രണ്ട് വലിയ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ പൂർണ്ണമായും പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തു എന്നുള്ളത് സഭയിലുള്ളവർക്കെല്ലാം അറിയാവുന്നതാണ്. ഇലക്ട്രിസിറ്റി ബോർഡും റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനും ആ രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിലേയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടുകൊടുത്തത് കേരളത്തിലാണെന്നുള്ള കാര്യം ഓർക്കേണ്ടതുണ്ട്. അതിനുശേഷം ഉണ്ടാക്കിയ കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫംഗ്ഷൻ) ആക്ട് 1970 അനുസരിച്ച് ഉണ്ടാകുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളെല്ലാംതന്നെ പബ്ലിക് സർവ്വീസ് കമ്മീഷൻറെ പരിധിക്കുള്ളിൽ വിടണമെന്നുള്ളതാണ്. അതനുസരിച്ച് നേരത്തെ കൊടുത്ത രണ്ട് പൊതുമേഖലാ സ്ഥാപനങ്ങൾ കൂടാതെ 42 കോർപ്പറേഷനുകളുടെയും ഗവൺമെൻറ് കമ്പനികളുടേയും നിയമനങ്ങൾ പബ്ലിക്ക് സർവ്വീസ് കമ്മീഷൻറെ പരിധിയിൽ നിൽക്കുകയാണ് എന്നുള്ള തീരുമാനവും സഭയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. രാഘവൻ മാസ്റ്റർ: പൊതുമേഖലാ സ്ഥാപനങ്ങൾ പി.എസ്.സി.ക്ക് വിട്ടുകൊടുത്തെന്നു പറഞ്ഞു. അവിടത്തെ നിയമനങ്ങളെല്ലാം കഴിഞ്ഞതിനുശേഷമാണ് വിട്ടുകൊടുത്തത്: ഇനി നടത്തുന്ന നിയമനങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കു കിട്ടാനുള്ളത് കൊടുത്തിട്ടേ മറ്റ് നിയമനങ്ങൾ നടത്തുകയുള്ളൂ എന്ന് പറയാമോ? പട്ടികജാതി: പട്ടികവർഗ്ഗ ക്ഷേമാന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിൽ ഇതു സംബന്ധിച്ച് പറഞ്ഞിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: അതിന് തയ്യാറാകേണ്ട കാര്യമില്ല. ഓരോ കോർപ്പറേഷനുകളും തുടങ്ങുന്ന അവസരത്തിലും ഭൂരിപക്ഷം ജീവനക്കാരെയും ഡെപ്യൂട്ടേഷനിലാണ് എടുക്കുന്നത്. അപൂർവം ചില അത്യാവശ്യമായ ജീവനക്കാരെ മാത്രമേ പുതുതായി റിക്രൂട്ട് ചെയ്യുന്നുള്ളൂ. അതുതന്നെയും എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേനയാണ്. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിലും സംവരണതത്വം കർശനമായി പാലിക്കണമെന്ന് ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ട്. പക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

ഇതെല്ലാമാണെങ്കിലും ഇന്നും പല സ്ഥാപനങ്ങളിലും ബഹുമാനപ്പെട്ട പല അംഗങ്ങളും സൂചിപ്പിച്ചമാതിരി ശരിയായ, ജനസംഖ്യാനുപാതികമായ, രീതിയിലുള്ള പ്രാതിനിധ്യം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് ഇല്ലെന്നുള്ള കാര്യം ഗവൺമെൻറ് സമ്മതിക്കുന്നു. അതിലും ഗവൺമെൻറ് വേണ്ട നിർദ്ദേശങ്ങളും കൊടുത്തിട്ടുണ്ട്. 8 ശതമാനം പട്ടികജാതിക്കാരും 2 ശതമാനം പട്ടിക വർഗ്ഗക്കാരും പി.എസ്.സി.യുടെ പരിധിക്കകത്ത് വരാൻ തക്കവിധത്തിൽ നിയമം കർശനമായി പാലിക്കണമെന്ന് കോർപ്പറേഷനുകൾക്ക് കർശനമായ നിർദ്ദേശം നൽകിയിട്ടുണ്ട്. അതും പോരാത്തതുകൊണ്ട് സാധാരണ തസ്തികകളിലും മൂലതസ്തികകളിലും ഒരെണ്ണത്തിലെങ്കിലും പട്ടികജാതിയിലോ പട്ടിക വർഗ്ഗത്തിലോപെട്ട ഉദ്യോഗസ്ഥൻമാർ നിയമിക്കണമെന്നു നിബന്ധന വച്ചിട്ടുണ്ട്. ശരിയായ എക്സ്പീരിയൻസില്ലാത്ത പട്ടികജാതിയിലോ പട്ടിക വർഗ്ഗത്തിലോപെട്ട ആളുകൾ ഗവൺമെൻറിൽ വരാൻ സാധിക്കാതിരുന്നാൽ അവരെ നിയമിച്ചതിനുശേഷം 6 മാസക്കാലം താൽക്കാലികമായി പരിചയം ഉണ്ടാക്കുന്നതിനുള്ള ട്രെയിനിംഗ് കൊടുക്കണമെന്നുള്ള തീരുമാനം എടുത്തിട്ടുണ്ട്. ഇതെല്ലാം പോരാത്തതുകൊണ്ട് എന്തെങ്കിലും കുറവുണ്ടെങ്കിൽ ആ കുറവ് നികത്തുന്നതിന് ആവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ചു പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപ്പെട്ട ആളുകളെ നിയമിക്കണമെന്നും വരുന്ന ഒഴിവുകളിൽ അവരെ നിയമിച്ചുകൊണ്ട് അവരുടെ അനുപാതം ശരിയാക്കണമെന്നും കർശനമായി സംവരണം പാലിക്കണമെന്നും ഉള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതെല്ലാം പറയുന്നത്, അപാകതയുണ്ടെന്ന് അറിഞ്ഞതിനുശേഷം ഗവൺമെൻറ് നിഷ്ക്രിയമായി ഇരിക്കുന്നില്ലെന്ന് അറിയിക്കാൻവേണ്ടിയാണ്. ഇതെല്ലാം വളരെക്കാലമായി നിലനിന്നിരുന്ന അപാകതകളാണ്, കഴിഞ്ഞ ഒന്നോ രണ്ടോ മൂന്നോ നാലോ കൊല്ലം കൊണ്ട് പരിഹരിക്കാൻ സാധിക്കുന്നതായിരുന്നില്ലെന്ന വിവരം ബഹുമാനപ്പെട്ട മെമ്പർമാർക്കെല്ലാംതന്നെ അറിയാവുന്നതാണ്.

നൂറാണ്ടുകളായി നിലനിന്നിരുന്ന വളരെക്കാലംകൊണ്ട് നിലനിന്നിരുന്ന അപാകതകളും ഒന്നോ രണ്ടോ മൂന്നോ നാലോ കൊല്ലംകൊണ്ട് പരിഹരിക്കപ്പെടുകയില്ലായെന്നുള്ള കാര്യം എല്ലാ അംഗങ്ങൾക്കും അറിവുള്ളതാണ്. എങ്കിലും പ്രതീക്ഷിച്ചതിനേക്കാളും കൂടുതൽ വേഗത്തിൽ ഈ അപാകതകളും പരിഹരിക്കപ്പെടുന്നുവെന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

വല്ല പൊതുമേഖലാ സ്ഥാപനങ്ങളിലും ഗവൺമെൻറ് നിർദ്ദേശത്തിന് വിപരീതമായി നിയമനം നടത്തുകയോ, പട്ടികജാതി-പട്ടിക വർഗ്ഗത്തിൽപെട്ടവർക്ക് ന്യായമായി കിട്ടേണ്ടത് കിട്ടാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ അതും ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയാൽ കർശനമായും ത്വരിതഗതിയിലുള്ള നടപടി ഗവൺമെൻറുഭാഗത്തു നിന്നും സ്വീകരിക്കുന്നതാണ്. ഇതൊരു ഭംഗിവാക്കായിട്ട് ഞാൻ പറയുന്നതല്ല. ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം സമൂഹത്തിൻെറ ഏറ്റവും അടിത്തട്ടിൽ കിടക്കുന്ന ഈ വിഭാഗത്തെ ഉദ്ധരിക്കുന്നതിനു വേണ്ടി പരമാവധി പരിശ്രമിക്കുന്നതാണ്. ഈ രംഗത്ത് എന്തെങ്കിലും അപാകതകൾ ഉണ്ടെങ്കിൽ അത് ചൂണ്ടിക്കാണിച്ചാൽ പരിഹരിക്കപ്പെടുന്നതാണ്. ഈ പ്രമേയം അവതരിപ്പിച്ച പ്രമേയാവതാരകനോടും ഇതിനെ പിന്താങ്ങിയ ബഹുമാനപ്പെട്ട മറ്റ് അംഗങ്ങളോടും എനിക്ക് പറയുവാനുള്ളത് നിങ്ങൾ ആഗ്രഹിക്കുന്നതുപോലെതന്നെ ഈ പ്രശ്നം ഗവൺമെൻറ് എപ്പോഴും കണ്ണിൽ എണ്ണയും ഒഴിച്ച് നോക്കിക്കൊണ്ടിരിക്കും എന്നാണ്. ഇതിൻെറ വെളിച്ചത്തിൽ ഈ പ്രമേയം പിൻവലിക്കണമെന്ന് പ്രമേയാവതാരകനോട് അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The amendment moved by Shri A. Neelalohithadasan Nadar was, by leave, withdrawn.

The amendment moved by Shri P. Karunakaran was, by leave, withdrawn.

The amendment moved by Shri M. K. Krishnan was, by leave, withdrawn.

The amendment moved by Shri P.K. Sreenivasan was, by leave, withdrawn.

The amendment moved by Shri P.K.Sankarankutty was, by leave, withdrawn.

The amendment moved by Shri S. Thyagarajan was, by leave, withdrawn.

Mr. Deputy Speaker: Shri Pinarai Vijayan; do you press your resolution?

Shri Pinarai Vijayan: Yes.

The question that the Resolution moved by Shri Pinarai Vijayan be adopted was put and lost.

Shri P.K. Sankarankutty: Sir, I demand a poll.

A poll was taken when the House divided as follows:

AYES 17

1. ശ്രീ. ടി.കെ. അബ്ദു
2. ശ്രീ. പി. ഭാസ്കരൻ
3. ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്
4. ശ്രീ. ചടയൻ ഗോവിന്ദൻ
5. ശ്രീ. എൻ.ഐ. ദേവസ്സിക്കുട്ടി
6. ശ്രീ. പി.കെ. ഇട്ടൂപ്പ്
7. ശ്രീ. പി. കരുണാകരൻ
8. ശ്രീ. എം.കെ. കൃഷ്ണൻ
9. ശ്രീ. പി.വി. കുഞ്ഞിക്കണ്ണൻ
10. ശ്രീ. പി.പി.വി. മൂസ്സ
11. ശ്രീ. ഇ. നാരായണൻ നായർ
12. ശ്രീ. എ. നീലലോഹിതദാസൻ നാടാർ
13. ശ്രീ. കെ. രാഘവൻ മാസ്റ്റർ
14. ശ്രീ. കെ.പി. രാമൻ
15. ശ്രീ. പി.കെ. ശങ്കരൻകുട്ടി
16. ശ്രീ. സുബ്രഹ്മണ്യ ഷേണായി
17. ശ്രീ. പിണറായി വിജയൻ

LIBRARY ARCHIVES Kerala Legislative Assembly

NOES - 32

1. ശ്രീ. ആര്യാടൻ മുഹമ്മദ്
2. ശ്രീ. എൻ.കെ. ബാലകൃഷ്ണൻ
3. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
4. ശ്രീ. കെ.ജെ. ചാക്കോ
5. ശ്രീ. ചന്ദ്രശേഖരൻ നായർ
6. ശ്രീ. പി.കെ. ചാത്തൻ മാസ്റ്റർ
7. ശ്രീ. ജെ. ചിത്തരഞ്ജൻ
8. ശ്രീ. സിറിയക് ജോൺ
9. ശ്രീ. ഇ.പി. ഗോപാലൻ
10. ശ്രീ. എ.എൽ. ജേക്കബ്
11. ശ്രീ. ടി.എസ്. ജോൺ
12. ശ്രീ. ഇ.കെ. പിള്ള
13. ശ്രീ. കെ.ടി. കുമാരൻ
14. ശ്രീ. പാണാറത്ത് കുഞ്ഞിമുഹമ്മദ്
15. ശ്രീ. പി.ടി. കുഞ്ഞുട്ടി ഹാജി
16. ശ്രീ. സി.എ. കുര്യൻ
17. ശ്രീ. ലോനപ്പൻ നമ്പാടൻ
18. ശ്രീ. ടി.എ. മജീദ്
19. ശ്രീ. സി.എച്ച്. മുഹമ്മദുകോയ
20. ശ്രീ. കെ.പി. നൂറുദ്ദീൻ
21. ശ്രീ. കെ. പങ്കജാക്ഷൻ
22. ശ്രീ. എം.കെ. രാഘവൻ
23. ശ്രീ. പി. ശങ്കർ
24. ശ്രീ. കെ. ശങ്കരനാരായണൻ
25. ശ്രീ. പി.കെ. ശ്രീനിവാസൻ
26. ശ്രീ. പി.എസ്. ശ്രീനിവാസൻ
27. ശ്രീ. സി.എം. സുന്ദരം
28. ശ്രീ. എസ്. തങ്കപ്പൻപിള്ള
29. ശ്രീ. ത്യാഗരാജൻ
30. ശ്രീ. ആർ. എസ്. ഉണ്ണി
31. ശ്രീ. കെ.സി. വാമദേവൻ
32. ശ്രീ. എസ്. വരദരാജൻ നായർ

NEUTRALS –Nil

For the Resolution	..	17
Against the Resolution	..	32
Neutrals	..	Nil

The Resolution was declared lost.

Mr. Deputy Speaker: Order, order.....

Now the House will adjourn to meet again at 8.30 a.m. on Monday, April 9, 1979.

1979 ഏപ്രിൽ 9-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സഭ കൂടുന്നതിനായി സഭ 12.45-ന് പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly